**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4546 — 26.06.2014-ൽ മറുപടിയ്ക്ക്

# പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ഐ.സി.ബാലകൃഷ്ണൻ**<br>**,, എ.പി.അബ്ദുളളക്കുട്ടി**<br>**,, ഷാഫി പറമ്പിൽ**<br>**,, ലൂഡി ലൂയിസ്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ വിവിധ തലങ്ങളിലുളള ഗുണനിലവാര പരിശോധനയ്ക്ക് കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി പരിഷ്കരിച്ച പൊതുമരാമത്ത് മാന്വലിലെ ചട്ടം 2401.1 പ്രകാരം ദ്വിതല ഗുണനിലവാര പരിശോധന നിഷ്ക്കർഷിച്ചിട്ടുണ്ട്. ഗുണനിലവാര പരിശോധനയുടെ മാർഗ്ഗനിർദ്ദേശത്തിനായി ക്വാളിറ്റി കൺട്രോൾ മാന്വലും, ലാബ് മാന്വലും തയ്യാറാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. നിർമ്മാണ പ്രവൃത്തികളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച നിബന്ധനകൾ വിശദമാക്കുമോ ; | (ബി) ആദ്യതല ഗുണനിലവാര പരിശോധന, നിർമ്മാണ പ്രവൃത്തികളുടെ മേൽനോട്ടം നടത്തുന്ന ഫീൽഡ് ഉദ്യോഗസ്ഥൻമാർ അംഗീകൃതലാബുകളിൽ നടത്തേണ്ടതും, അതിന്റെ നിർവ്വഹണ ചെലവുകൾ കരാറുകാർ വഹിക്കേണ്ടതുമാണ്. രണ്ടാംതല ഗുണനിലവാര പരിശോധന പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ ഉദ്യോഗസ്ഥർ നിർവ്വഹിച്ച് അതിന്റെ, സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ഇതുകൂടാതെ 5 കോടിക്ക് മുകളിൽ അടങ്കൽ തുക വരുന്ന നിർമ്മാണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിനു പുറത്തുളള വിദഗ്ധൻമാരുടെ നേതൃത്വത്തിൽ മൂന്നാം തല ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. സർക്കാർ സർക്കുലർ നം. 10434/C3/2014/PWD തീയതി 08.05.2014 പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ബിൽ തയ്യാറാക്കുന്നതിനും പാസാക്കുന്നതിനും ഗുണനിലവാര സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിലല്ല പ്രവൃത്തികൾ നടത്തിയത് എന്ന് തെളിഞ്ഞാൽ കരാറുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | പൊതുമരാമത്ത് മാന്വൽ ചട്ടം 2401.1 പ്രകാരം നിഷ്ക്കർഷിച്ച നിലവാരത്തിലല്ല നിർമ്മാണ പ്രവൃത്തികൾ നടത്തിയത് എന്ന് തെളിഞ്ഞാൽ, കരാറുകാരൻ, സ്വന്തം ചെലവിൽ പ്രസ്തുത നിർമ്മാണം നീക്കം ചെയ്യുകയോ പൊളിച്ച് മാറ്റുകയോ ചെയ്തശേഷം, അംഗീകരിച്ച ഗുണനിലവാരത്തിനുള്ള നിർമ്മാണം നടത്തേണ്ടതാണ്. കൂടാതെ, കരാറുകാരന്റെ ലൈസൻസ് റദ്ദ് ചെയ്യുവാനും ചീഫ് എഞ്ചിനീയർക്ക് അധികാരമുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് ക്വാളിറ്റി മാന്വൽ പ്രസിദ്ധീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (ഡി) | ക്വാളിറ്റി മാന്വലിന്റെ കരട് രൂപം പൊതുമരാമത്ത് വകുപ്പ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കരട് മാന്വലിന്റെ അവലോകനത്തിനുള്ള എഞ്ചിനീയർമാരുടെ ശിൽപശാല ജൂൺ 13-ാം തീയതി തിരുവനന്തപുരം പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസിൽ നടന്നു. കരാറുകാർക്കായുള്ള ശിൽപശാല ഉടൻ തന്നെ നടത്തുന്നതിന് ഉദ്ദേശിക്കുന്നു. പ്രസ്തുത ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി, ക്വാളിറ്റി മാന്വൽ പരിഷ്കരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**